## റമദാനിലെ ഏറ്റവും ദൈർഘ്യം കൂടിയ പകലുകൾ ഈ വർഷം

**ഈ** വർഷം റമദാനിന്റെ പകലുകൾ ഏറ്റവും ദൈർഘ്യം കൂടിയതായിരിക്കുമെന്ന് ഈജിപ്തിലെ National Research Institute of Astronomy and Geophysics (NRIAG) ഡയറക്ടർ ഡോ. ഹാതിം ഔദ പറഞ്ഞു. ലോകത്ത് ഏറ്റവും ദീർഘമേറിയ റമദാൻ പകൽ ഡെൻമാർക്കിലാണ്. ഡെൻമാർക്കിലെ മുസ്‌ലിംകളുടെ നോമ്പിന് 21 മണിക്കൂർ ദൈർഘ്യമുണ്ടാകും. ദ്വീപ് രാഷ്ട്രമായ ഐസ്‌ലാൻഡിൽ 20 മണിക്കൂർ 20 മിനിറ്റ്, ഹോളണ്ടിൽ 18 മണിക്കൂർ 30 മിനിറ്റ്, കനഡയിൽ 18 മണിക്കൂർ എന്നിങ്ങനെയാണ് നോമ്പിന്റെ പകലുകൾ. ഈജിപ്തിലെത്തുമ്പോൾ 15 മണിക്കൂർ 30 മിനിറ്റാകും. ചില ഗൾഫ് നാടുകളിൽ




15 മണിക്കൂറാണ് വ്രതമാസ പകലിന്റെ ദൈർഘ്യം. പുണ്യ നഗരികളായ മക്കയിൽ 14 മണിക്കൂർ 45 മിനിറ്റും മദീനയിൽ 15 മണിക്കൂറും നീളമുണ്ട് റമദാൻ പകലുകൾക്ക്.

ഏറ്റവും കുറഞ്ഞ സമയ ദൈർഘ്യം 9 മണിക്കൂർ 30 മിനിറ്റ് രേഖപ്പെടുത്തിയത് അർജന്റീനയിലാണ്. ആസ്ത്രേലിയയിൽ 10 മണിക്കൂറും സൗത്ത് ആഫ്രിക്കയിൽ പത്തര മണിക്കൂറുമാണ് റമദാൻ പകലെന്നും ഗോളശാസ്ത്ര പഠന റിപ്പോർട്ട് വ്യക്തമാക്കി.

## മുർസിയുടെ പതനം ഈജിപ്തിന് ദോഷകരമാവുമെന്ന് ഖറദാവി

**ഈജിപ്തിൽ** പ്രസിഡന്റ് ഡോ. മുഹമ്മദ് മുർസിക്കെതിരെ നടന്നുവരുന്ന പ്രക്ഷോഭത്തെ രൂക്ഷമായ ഭാഷയിൽ വിമർശിച്ച ആഗോള മുസ്‌ലിം പണ്ഡിത സഭാ അധ്യക്ഷൻ ഡോ. യൂസുഫുൽ ഖറദാവി, മുർസിയുടെ പതനം അതിനേക്കാൾ മോശമായ അവസ്ഥയാണ് സൃഷ്ടിക്കുകയെന്ന് മുന്നറിയിപ്പ് നൽകി. ഈജിപ്തിന്റെ സ്ഥിരതയും പുരോഗതിയും ആഗ്രഹിക്കുന്നവർ ജൂത സാമ്രാജ്യത്വ കുതന്ത്രങ്ങളിൽ പെടരുതെന്നും ഖറദാവി പറഞ്ഞു. രാഷ്ട്രീയവും മറ്റുമായ നിക്ഷിപ്ത താൽപര്യങ്ങൾ മാറ്റിവെച്ച് രാജ്യ പുരോഗതിക്ക് വേണ്ടി ഐക്യത്തോടെ നിലകൊള്ളണമെന്നും മുഴുവൻ ഈജിപ്തുകാരും ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും അദ്ദേഹം ഈജിപ്ഷ്യൻ ജനതയോട് ആഹ്വാനം ചെയ്തു. *അൽജസീറ* പ്രക്ഷേപണം ചെയ്ത, ഖറദാവിയുടെ ആഹ്വാനത്തിൽ പ്രസിഡന്റ് മുർസിയോട് മുഴുവൻ ഈജിപ്തുകാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കണമെന്നും ആവശ്യപ്പെടുന്നുണ്ട്. 30 വർഷം നീണ്ട ഹുസ്നി മുബാറകിന്റെ ഏകാധിപത്യത്തെ നിശ്ശബ്ദമായി സഹിച്ച ഈജിപ്ഷ്യൻ ജനത ഒരു വർഷം മാത്രം പ്രായമായ മുർസിയുടെ ജനാധിപത്യ ഭരണത്തിനെതിരെ പ്രക്ഷോഭം നയിക്കുന്നതെന്തിനെന്നും ഖറദാവി ചോദിച്ചു. മുർസിക്ക് പിന്തുണ നൽകി ജനാധിപത്യത്തെ സംരക്ഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## റഷ്യ കൂടുതൽ ഇസ്‌ലാംവിരുദ്ധ പക്ഷത്തേക്ക്

**വ്ളാഡ്മിർ** പുട്ടിന്റെ റഷ്യയിൽനിന്ന് മുസ്‌ലിംകളെക്കുറിച്ച് ഈയിടെയായി വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ അശുഭ ചിന്തകളുണർത്തുന്നതാണ്. ഇതര മതങ്ങളോടും സംസ്കാരങ്ങളോടുമില്ലാത്ത വിദ്വേഷമാണ് പുട്ടിൻ ഇസ്‌ലാമിനോടും മുസ്‌ലിം ചിഹ്നങ്ങളോടും പുലർത്തിവരുന്നത്. മോസ്കോയിൽ നമസ്കാരത്തിനുള്ള സൗകര്യങ്ങൾ പോലും നിഷേധിക്കുന്ന വാർത്തകൾ നിരവധിയാണ്. ഇപ്പോൾ മുസ്‌ലിം പെൺകുട്ടികൾ സ്കൂളുകളിൽ ശിരോവസ്ത്രം ധരിക്കുന്നതിനെതിരെയും റഷ്യൻ പ്രസിഡന്റ് നേരിട്ട് രംഗത്തെത്തിയ വാർത്തയാണ് ദക്ഷിണ റഷ്യയിലെ സ്റ്റാവ്റോപോൾ പ്രവിശ്യയിൽനിന്ന് കേൾക്കുന്നത്. സ്കൂളുകളിൽ എല്ലാവർക്കും തുല്യ അവസരങ്ങളാണെന്നും 'വിദേശ' പാരമ്പര്യത്തിന്റെ ഭാഗമായ വസ്ത്ര രീതികൾ അനുവദിക്കാനാവില്ലെന്നും ശിരോവസ്ത്ര വിവാദത്തിന് തുടക്കമിട്ടുകൊണ്ട് പുട്ടിൻ പറഞ്ഞു. എന്നാൽ പുട്ടിന്റെ ഇത്തരം നിലപാടുകൾ ഇസ്‌ലാമിക ചിഹ്നങ്ങളോട് മാത്രമാണെന്നാണ് മുസ്‌ലിംകൾ പറയുന്നത്. വിഷയം മുസ്‌ലിം സമൂഹത്തിൽ വൻ പ്രതിഷേധങ്ങൾക്ക് തിരികൊളുത്തിയിട്ടുണ്ട്.



റഷ്യയിലെ സ്ഥാപിത താൽപ്പര്യക്കാരായ മാധ്യമങ്ങളാണ് ഇസ്‌ലാം വിരുദ്ധത ഊതിവീർപ്പിക്കുന്നതെന്ന് മോസ്കോ കേന്ദ്രമായി പ്രവർത്തിക്കുന്ന മുസ്‌ലിം സന്നദ്ധ സംഘടനയായ 'സോളിഡാരിറ്റി' അധ്യക്ഷ ലൈല മുഹമ്മദ് പറഞ്ഞു. റഷ്യൻ മുസ്‌ലിം സമൂഹത്തിൽ ഭിന്നത സൃഷ്ടിച്ച് ഇസ്‌ലാമിക മുന്നേറ്റത്തെ അസ്ഥിരപ്പെടുത്താനുള്ള തന്ത്രത്തിന്റെ ഭാഗമാണിതെന്നും അവർ പറഞ്ഞു.

## ഖുർആനിലേക്ക് മടങ്ങാൻ മാലാവി മുസ്‌ലിംകളോട് ആഹ്വാനം

**രാജ്യത്തിന്റെയും** മുസ്‌ലിം സമൂഹത്തിന്റെയും ആരോഗ്യകരമായ നിലനിൽപ്പിന് ഖുർആനിക പാഠങ്ങളിലേക്ക് മടങ്ങണമെന്ന് മാലാവി മുസ്‌ലിംകളോട് നേതാക്കൾ ആവശ്യപ്പെട്ടു. കുട്ടികൾക്ക് ഖുർആൻ പഠിക്കാൻ സംവിധാനമുണ്ടാക്കണമെന്നും അവർ പറഞ്ഞു. മാലാവി മുസ്‌ലിംകൾ തങ്ങളുടെ മതകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും മാലാവി അൽ-ബറക്ക ചാരിറ്റി ട്രസ്റ്റ് ഡയറക്ടർ ഇബ്‌റാഹീം മിലാൻസി പറഞ്ഞു. കുട്ടികളെ ഖുർആൻ പഠിക്കാനും മനഃപാഠമാക്കാനും പ്രേരിപ്പിക്കണമെന്നും ഖുർആനിക പാഠങ്ങളിലൂടെ ജീവിക്കാൻ അവർക്ക് അവസരമൊരുക്കണമെന്നും രക്ഷിതാക്കളോട് അദ്ദേഹം ആവശ്യപ്പെട്ടു.

ദക്ഷിണ ആഫ്രിക്കൻ രാജ്യമായ മാലാവിയിൽ ഇസ്‌ലാം രണ്ടാമത്തെ ഏറ്റവും വലിയ മതമാണെങ്കിലും ഇതര ആഫ്രിക്കൻ നാടുകളിലേത് പോലെ മുസ്‌ലിംകളുടെ വിശ്വാസ കാര്യങ്ങളുടെ അവസ്ഥ പരിതാപകരമാണ്. ഒന്നര കോടിയോളം വരുന്ന മാലാവി ജനസംഖ്യയുടെ 12 ശതമാനമാണ് മുസ്‌ലിംകളെന്നാണ് ഔദ്യോഗിക കണക്ക്. എന്നാൽ യഥാർഥ മുസ്‌ലിംകളുടെ കണക്ക് അതിലും എത്രയോ കൂടുതലാണെന്ന് മുസ്‌ലിം അസോസിയേഷൻ ഓഫ് മാലാവി (MAM) പറയുന്നു.

## റോഹിങ്ക്യ മുസ്‌ലിംകൾക്ക് അഭയാർഥി ക്യാമ്പിലും പീഡനം



**തായ്‌ലന്റിലെ** ദക്ഷിണ മേഖലയിൽപ്പെട്ട ഫാങ് നഗയിലെ അഭയാർഥി ക്യാമ്പുകളിൽ കഴിയുന്ന റോഹിങ്ക്യ മുസ്‌ലിം സ്ത്രീകൾ ബലാത്സംഗമടക്കമുള്ള കടുത്ത പീഡനങ്ങൾക്ക് വിധേയമാകുന്നതായി ഹ്യൂമൻ റൈറ്റ്സ് വാച്ച് ആരോപിച്ചു. സർക്കാർ മേൽനോട്ടത്തിലുള്ള ക്യാമ്പുകളാണിത്. മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട മാഫിയകളാണ് സംഭവത്തിന് പിന്നിലെന്ന് കരുതുന്നതായും റിപ്പോർട്ടിലുണ്ട്. സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഹ്യൂമൻ റൈറ്റ്സ് വാച്ചിന്റെ ഏഷ്യാഘടകം എക്സിക്യൂട്ടീവ് ഡയറക്ടർ ബ്രാഡ് ആഡംസ് തായ്‌ലന്റ് സർക്കാറിനോട് ആവശ്യപ്പെട്ടു. സർക്കാർ മേൽനോട്ടത്തിലുള്ള അഭയാർഥി ക്യാമ്പിൽ കുറ്റവാളികൾ എങ്ങനെ കടന്നുവരുന്നുവെന്ന് വ്യക്തമാക്കണമെന്നും ആഡംസ് ആവശ്യപ്പെട്ടു. കടുത്ത ക്രൂരതകൾക്കിരകളാവുന്ന റോഹിങ്ക്യ ന്യൂനപക്ഷത്തിന് തായ്‌ലന്റ് യാതൊരു സഹായവും നൽകാത്തതിൽ അദ്ദേഹം ആശങ്ക രേഖപ്പെടുത്തി.

## ഈജിപ്തിൽ രണ്ടാം വിപ്ലവം ആവശ്യമില്ലെന്ന് 'ഇൻഡിപെൻഡന്റ്'

**ഈജിപ്തിൽ** പ്രസിഡന്റ് മുർസിക്കെതിരെ പ്രക്ഷോഭം നയിക്കുന്ന പ്രതിപക്ഷ കക്ഷികളെ നിശിതമായി വിമർശിച്ച് ബ്രിട്ടീഷ് പത്രമായ *ദി ഇൻഡിപെണ്ടന്റ്* മുഖപ്രസംഗം. ഈജിപ്ഷ്യൻ പ്രശ്നങ്ങൾക്കുള്ള പരിഹാരം മുർസിയെ പുറത്താക്കലല്ലെന്നും ഒരു ബദൽ സംവിധാനം മുന്നോട്ട് വെക്കാതെയുള്ള പ്രക്ഷോഭം നിരർഥകമാണെന്നും പത്രം പറയുന്നു. ജനാധിപത്യ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന പ്രസിഡന്റാണ് മുർസിയെന്നും പത്രം പ്രക്ഷോഭകരെ ഓർമിപ്പിക്കുന്നുണ്ട്.

പ്രതിപക്ഷം ഉന്നയിക്കുന്ന എല്ലാ വിഷയങ്ങളിലും തുറന്ന ചർച്ചക്ക് തയാറാണെന്ന പ്രസിഡന്റ് മുഹമ്മദ് മുർസിയുടെ ക്ഷണം നിരസിച്ച് കാരണമൊന്നും ഉന്നയിക്കാനില്ലാതെ പ്രക്ഷോഭത്തിനിറങ്ങുന്ന പ്രതിപക്ഷത്തിന്റെ രീതിയെ പരിഷ്കൃത ലോകം പുഛത്തോടെയാണ് നോക്കിക്കാണുന്നതെന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പുറത്തുവന്നുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അന്ധമായ 'മുസ്‌ലിം ബ്രദർഹുഡ്' വിരോധമല്ലാതെ ഈജിപ്തിലെ കലാപകാരികൾക്കും അവരെ മറക്ക് പിന്നിൽനിന്ന് പിന്തുണക്കുന്ന ഇസ്‌ലാംവിരുദ്ധ ശക്തികൾക്കും മറ്റൊരു അജണ്ടയുമില്ലെന്ന് വ്യക്തമാക്കുന്നതാണ് പ്രതിപക്ഷത്തിന്റെ നിലപാടുകൾ.

## സുഡാനിൽ സൈനിക തലപ്പത്ത് അഴിച്ചുപണി

**ഏറെ** നാളുകളായി സുഡാൻ പ്രസിഡന്റ് ഉമറുൽ ബശീർ ഭീതിയുടെ നിഴലിലാണ്. രാജ്യത്ത് വർധിച്ചുവരുന്ന വിലക്കയറ്റവും മറ്റും സാധാരണ സുഡാനികളുടെ ജീവിതത്തെ പൊറുതിമുട്ടിക്കുന്നുണ്ട്. വിദ്യാഭ്യാസരംഗം അഴിച്ചുപണിയണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ മാസം വൻ വിദ്യാർഥി പ്രക്ഷോഭം അരങ്ങേറിയിരുന്നു. അതിനിടക്കാണ് ദക്ഷിണ സുഡാനും അവരെ പിന്തുണക്കുന്ന സാമ്രാജ്യത്വ ശക്തികളും ഉയർത്തുന്ന ഭീഷണി. കാര്യങ്ങൾ സൈനിക അട്ടിമറിയിലെത്തുമോ എന്ന ഭീതി പ്രസിഡന്റിനെ പിടികൂടിയതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അതിനിടെയാണ് പ്രസിഡന്റ് സുഡാനിലെ സൈനിക തലപ്പത്ത് വൻ അഴിച്ചുപണി നടത്തിയിരിക്കുന്നത്. സൈന്യത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് അഴിച്ചുപണിയെന്ന് സുഡാൻ ആഭ്യന്തര മന്ത്രി അബ്ദുർറഹീം മുഹമ്മദ് ഹുസൈൻ പറഞ്ഞു.